കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 202/2025** **തിരുവനന്തപുരം, തീയതി: 15.09.2025**

# പത്രക്കുറിപ്പ്

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല കൊല്ലം എസ്.എൻ. കോളേജിൽ 2025 സെപ്റ്റംബർ 25 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്സി, ജൂലൈ 2025 കോംപ്ലിമെന്ററി ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ ആഗസ്റ്റ് 2025 ന്യൂജെനറേഷൻ ഡബിൾ മെയിൻ & ബിഎ ഓണേഴ്സ് പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷകൾ 2025 സെപ്റ്റംബർ 26 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിടെക് (2008 സ്കീം – മെഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ എംഎസ്സി ബയോകെമിസ്ട്രി (2023 – 2025 റെഗുലർ & 2022-2024 സപ്ലിമെന്ററി), സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗതഫലം പരിശോധിക്കാവുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ജൂലൈയിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ ബിവോക് ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) & ബിവോക് ഫുഡ് പ്രോസസ്സിംഗ് (359) കോഴ്സുകളുടെ പ്രാക്ടിക്കൽ 2025 സെപ്റ്റംബർ 17 മുതൽ അതാത് പരീക്ഷ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ടൈംടേബിൾ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം വർഷ (ത്രിവത്സര) എൽഎൽബി (1998 സ്കീം – ആന്വൽ - ന്യൂ സ്കീം – മെഴ്സിചാൻസ്) പരീക്ഷയുടെ അനുബന്ധ വൈവവോസി പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിലിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബികോം പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ബോട്ടണി പഠനവിഭാഗം നടത്തുന്ന അപ്ലൈഡ് പ്ലാന്റ് സയൻസ് ഫിനിഷിംഗ് സ്കൂളിലെ ഹ്രസ്വകാല പരിശീലന കോഴ്സിന് 2025 ബാച്ചിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ബോട്ടണി അല്ലെങ്കിൽ തത്തുല്യ വിഷയങ്ങളിൽ ബിരുദാനന്തരബിരുദം. അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലന മേഖലകൾ: 1. ബയോഇൻസ്ട്രുമെന്റേഷനും ടെക്നിക്കുകളും, 2. ഫൈറ്റോകെമിക്കൽ എക്സ്ട്രാക്ഷനും ഹെർബൽ കോസ്മെറ്റിക്കുകളും 3. മൈക്രോപ്രൊപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ്. കോഴ്സ്ഫീസ് : 1000/- രൂപ, കാലാവധി: 3 മാസം. താല്പര്യമുള്ളവർ **https://forms.gle/sDsLHrgqmBgm2g1W6** എന്ന ലിങ്കിൽ ലഭ്യമായ ഓൺലൈൻ ഫോം വഴി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. വിശദമായ വിജ്ഞാപനവും അപേക്ഷാഫോറവും കേരളസർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (**https://keralauniversity.ac.in/dept/downloads/3_1678290883.pdf**). ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി 2025 സെപ്റ്റംബർ 24. പൂരിപ്പിച്ച അപേക്ഷാഫോമും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അഡ്മിഷൻ സമയത്ത് കേരളസർവകലാശാല ബോട്ടണി പഠന വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

കേരളസർവകലാശാല അറബി വിഭാഗം നടത്തുന്ന അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി/തത്തുല്യം. ഫീസ്: 3000/- രൂപ. കാലാവധി: 3 മാസം. അപേക്ഷാഫോം **www.arabicku.in** ലും കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിലും ലഭ്യമാണ്. അഡ്മിഷന് എസ്.എസ്.എൽ.സി, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2025 സെപ്റ്റംബർ 20 ശനി രാവിലെ 10 മണിക്ക് പഠന വകുപ്പിൽ എത്തുക. വിശദവിവരങ്ങൾ: 9633812633/04712308846 (ഓഫീസ്).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**